പോലീസ് വകുപ്പ്

കേരളം

**No. H1-10449/2024/KAP-I(1)**


കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
cmdtkap1.pol@kerala.gov.in
04842781290


തീയതി. 21-02-2025

## അപ്പെൻഡിക്സ് എച്ച് 4

ശ്രീ.പ്രശാന്ത് എൻ പി , പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 എന്ന നിങ്ങൾ 06.09.2023 തീയതി മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിന്നതിന് ഒരു വാച്യാന്വേഷണം നടത്തി ഓഫീസർ കമാൻഡിംഗ് ഡി കമ്പനി നിങ്ങൾക്കെതിരായ ശിക്ഷണ നടപടികുറിപ്പുകൾ സമർപ്പിച്ചിട്ടുള്ളതാണ്.

ശിക്ഷണനടപടികുറിപ്പുകൾ തീർപ്പ് കൽപ്പിക്കുന്നതിൻറെ ഭാഗമായി നിങ്ങളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽകാലികമായി തീരുമാനിച്ച കൊണ്ടുള്ള ഒരു കാരണം കാണിക്കൽ നോട്ടീസ് നിങ്ങളെ നേരിൽ കണ്ട് കൈമാറാൻ ശ്രമിച്ചുവെങ്കിലും നിങ്ങളെ കണ്ടെത്താൻ കഴിയാത്തതിനാൽ ആയത് താങ്കളുടെ പിതാവിന് കൈമാറിയിട്ടുള്ളതാണ്.

ആയതിനാൽ ടി നോട്ടീസ് പ്രസിദ്ധികരിച്ച് 15 ദിവസത്തിനകം നിങ്ങളുടെ രേഖാമൂലമുള്ള സമാധാനം ലഭിച്ചിട്ടില്ലായെങ്കിൽ നോട്ടീസിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

Jackson Peter
കമാണ്ടന്റ്

പോലീസ് വകുപ്പ്

കേരളം

**No. H1-10449/2024/KAP-I**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം.
✉cmdtkap1.pol@kerala.gov.in
✆04842781290
തീയതി. 27-01-2025

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം:- ശ്രീ.പ്രശാന്ത് എൻ പി, (പെൻ:902477) പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 നെതിരായ ശിക്ഷണനടപടികൾ - തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച്,

സൂചന :1) അസിസ്റ്റന്റ് കമാണ്ടന്റ് അഡ്ജ്യൂറ്റൻറിൻറെ 08-04-2024 തീയതിയിലെ 1294768/2024/കെ എ പി 1/ അഡ്ജ്യ നമ്പർ കത്ത്.

2) ഈ ഓഫീസിലെ 12-04-2024 തീയതിയിലെ എ5(ബി)-4116/2024/കെ എ പി 1 നമ്പർ ഉത്തരവ്

3) ഈ ഓഫീസിലെ 25-06-2024 തീയതിയിലെ H1-10449/2024/KAP-I നമ്പർ ഉത്തരവ്

4) 23-12-2024 തീയതിയിലെ C No. 4660788/2024 നമ്പരായി 'ഡി' കമ്പനി ഓഫീസർ കമാണ്ടിംഗ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

5) ഈ ഓഫീസിലെ 27-12-2024 തീയതിയിലെ H1-10449/2024/KAP-I നമ്പർ കത്ത്.

6). 03-01-2025 തീയതിയിലെ C No. 28529/2025 നമ്പരായി 'ഡി' കമ്പനി ഓഫീസർ കമാണ്ടിംഗ് സമർപ്പിച്ച റിപ്പോർട്ട്.

കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്തു വന്നിരുന്ന ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 (പെൻ 902477) നെ സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, ശ്രീ.പ്രശാന്ത് എൻ പി യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യവസായ സംരക്ഷണ സേന കമാണ്ടൻറിൻറെ 18-08-2023 തീയതിയിലെ എസ് ഒ 175/2023/എസ് ഐ എസ് എഫ് നമ്പർ ഉത്തരവ് പ്രകാരം കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിലേയ്ക്ക് മടക്കി അയച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും, 05-09-2023 തീയതി വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ശ്രീ.പ്രശാന്ത് എൻ പി ഡ്യൂട്ടിയ്ക്ക് തിരികെ ഹാജരാകാത്തതിനെ തുടർന്ന് 27-01-2024 തീയതിയിലെ എ4-1567/2024/കെ എ പി 1 നമ്പർ പ്രകാരം ഡ്യൂട്ടിക്ക് ഹാജരാകുവാൻ നിർദ്ദേശിച്ച് മെമ്മോ നൽകിയിട്ടുള്ളതാണ്. തുടർന്നും ഡ്യൂട്ടിക്ക് ഹാജരാകാത്തതിനെ തുടർന്ന് അസിസ്റ്റൻറ് കമാണ്ടൻറ് അഡ്ജ്യൂറ്റൻറ് യഥാക്രമം 06-03-2024,18-03-2024, 05-04-2024 തീയതികളിൽ ശ്രീ.പ്രശാന്ത് എൻ പി യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് ശ്രീ.പ്രശാന്ത് എൻ പി സ്ഥലത്ത് ഇല്ലാത്തതിനാൽ ശ്രീ.പ്രശാന്ത് എൻ പി യുടെ മാതാവ് കൈപ്പറ്റിയിട്ടുള്ളതുമാണ്. ശ്രീ.പ്രശാന്ത് എൻ പി വിദേശത്തേയ്ക്ക് കടന്നു പോയതായി ടിയാൻറെ മാതാവിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. 06-09-2023 തീയതി മുതൽ ശ്രീ.പ്രശാന്ത് എൻ പി സേനയിൽ നിന്ന് ഒളിച്ചോടിയതായി (ഡെസർട്ടർ) പ്രഖ്യാപിച്ചുകൊണ്ട് മേൽ വായന 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേയ്ക്ക് പോകുവാൻ പാടുള്ളു എന്നിരിക്കേ ആയതിനു വിരുദ്ധമായി ഡ്യൂട്ടിയിൽ നിന്നും അനധികൃതമായി വിട്ടു നിന്ന് വിദേശ രാജ്യത്തേക്ക് കടന്നു പോയത് കേരള സർക്കാർ ജീവനക്കാരുടെ സർവീസ് ചട്ടങ്ങളുടെ ലംഘനമാണ് എന്ന് മേൽ വായന 1 ലെ റിപ്പോർട്ടിൽ നിന്ന് പ്രഥമദൃഷ്ട്യാ വെളിവാകയാൽ ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ (ജനറൽ നമ്പർ 10155) നെതിരെ 1958 ലെ കേരള പോലീസ് വകുപ്പ് അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ഒരു വാച്യാന്വേഷണം നടത്തുന്നതിന് മേൽ സൂചന (3) പ്രകാരം ഉത്തരവാകുകയും ആയതിൻപ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കി ശ്രീ.പ്രശാന്ത് എൻ പി- ക്കെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പുകൾ ആണ് മേൽ സൂചന 4- ൽ പരാമർശിച്ചിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തിന്മേൽ ശ്രീ.പ്രശാന്ത് എൻ പി യുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ശിക്ഷണനടപടികുറിപ്പിൻറെ പകർപ്പ് നൽകികൊണ്ടുള്ള കത്താണ് മേൽ സൂചന 5- ൽ പരാമർശിച്ചിട്ടുള്ളത്. ശ്രീ.പ്രശാന്ത് എൻ പി, സ്ഥലത്ത് ഇല്ലാത്തതിനാൽ കത്ത് കൈമാറാൻ സാധിച്ചില്ലായെന്നും, ശ്രീ.പ്രശാന്ത് എൻ പി യുടെ പിതാവ് പ്രസ്തുത കത്ത് കൈപ്പറ്റിയിട്ടുണ്ട് എന്നും ഓഫീസർ കമാൻഡിംഗ് 'ഡി' കമ്പനി മേൽ സൂചന 6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ശിക്ഷണ നടപടികുറിപ്പും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ശ്രീ.പ്രശാന്ത് എൻ പി എന്ന നിങ്ങൾക്കെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. തെളിഞ്ഞിരിക്കുന്ന കുറ്റത്തിന് ശിക്ഷയായി നിങ്ങളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽകാലികമായി തീരുമാനിക്കുന്നു.

എൻറെ ഈ താൽകാലിക തിരുമാനത്തിനെതിരായി നിങ്ങൾക്ക് എന്തെങ്കിലും സമാധാനം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം

സമർപ്പിക്കേണ്ടതാണ്. ഇല്ലായെങ്കിൽ നിങ്ങൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല നിഗമനത്തിൽ എൻറെ താൽക്കാലിക തീരുമാനം സ്ഥിരപ്പെട്ടുത്തുന്നതാണ്.

Jackson Peter
കമാണ്ടൻറ്

| | | |
|---|---|---|
| സ്വീകർത്താവ് | : | :- ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 (പെൻ 902477) ഓഫീസർ കമാണ്ടിംഗ്, 'ഡി' കമ്പനി മുഖേന. |
| പകർപ്പ് | : | ഓഫീസർ കമാണ്ടിംഗ് 'ഡി' കമ്പനിക്ക് 2 പകർപ്പുകൾ നൽകുന്നു. ഒരു പകർപ്പ് ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 (പെൻ 902477)-ന് നൽകി മറു പകർപ്പിൽ ആയതു കൈപ്പറ്റിയതിനുള്ള ടിയാന്റെ തീയതിയോട്ടുകൂടിയ ഒപ്പ് രേഖപ്പെട്ടുത്തി തിരികെ നൽകേണ്ടതാണ്. കത്ത് കൈമാറാൻ സാധിച്ചില്ലായെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. |

Jackson Peter
കമാണ്ടൻറ്